നമ്പർ വി(2)9270/2017

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്.
തിരുവനന്തപുരം തീയതി.. 05.02.2018

Website:www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

**സർക്കുലർ നം:5/2018**

വിഷയം :- സഹകരണ വകുപ്പ് - വിജിലൻസ് - സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സഹകരണ സംഘങ്ങളിൽ അംഗത്വം സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960 ചട്ടം 44

**********

സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സഹകരണ സംഘങ്ങളിൽ അംഗത്വം സ്വീകരിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരോ അല്ലെങ്കിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിൽ മേൽനോട്ടം വഹിക്കുന്നവരോ അല്ലെങ്കിൽ അവയുടെ ആഡിറ്റ് കർത്തവ്യത്തിലേർപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ള ജീവനക്കാർക്ക് സഹകരണ സംഘങ്ങളിൽ അംഗത്വം സ്വീകരിക്കുവാനും അതിൽ നിക്ഷേപ ഇടപാടുകൾ നടത്തുവാനും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതല്ല.

എന്നാൽ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക്,സർക്കാർ ജീവനക്കാർ, ജീവനക്കാർക്കുമാത്രമായി രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ ഉപഭോക്തൃ സ്റ്റോറുകളിലും സഹകരണ കാന്റീനുകളിലും സാധാരണ അംഗങ്ങളാകാവുന്നതാണ്.

സഹകരണ വകുപ്പിലെ ജീവനക്കാർക്ക്, വകുപ്പിലെ ജീവനക്കാർക്ക് മാത്രമായിട്ടുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതുമാണ്.

സഹകരണ വകുപ്പിലെ ജീവനക്കാർ സഹകരണ ഹൗസിംഗ് സംഘങ്ങളിലോ സഹകരണ ക്രെഡിറ്റ് സംഘങ്ങളിലോ മേൽ നോട്ടം അല്ലെങ്കിൽ ആഡിറ്റ് കർത്തവ്യം വഹിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള സംഘങ്ങളിൽ അവർക്ക് അംഗങ്ങൾ ആകാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും സംഘങ്ങളിൽ അംഗമായതിനുശേഷം അങ്ങനെയുള്ള അംഗം ആ സംഘത്തിന്റെ മേൽനോട്ടം അല്ലെങ്കിൽ ആഡിറ്റ് കർത്തവ്യം നേരിട്ട് വഹിക്കുന്ന സംഗതികളിൽ ഉടൻ തന്നെ പ്രസ്തുത സംഗതി തന്റെ നിയന്ത്രണ ആഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ആ നിയന്ത്രണ ഉദ്യോഗസ്ഥൻ ആ സംഘത്തിന്റെ മേൽ നോട്ടം അല്ലെങ്കിൽ ആഡിറ്റ് ചുമതല ജില്ലയിലേയോ,അതതു സംഗതി പോലെ, അയൽ ജില്ലയിലേയോ മറ്റേതെങ്കിലും ഒരു ആഫീസർക്ക് മാറ്റി നൽകേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ വകുപ്പ് ജീവനക്കാർ പാലിക്കുന്നുണ്ടെന്ന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ /ജോയിന്റ് ഡയറക്ടർമാർ, താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ.സജിത്ത്ബാബു.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1. രജിസ്ട്രാർ,ബഹുമാനപ്പെട്ട കേരള ഹൈക്കോടതി.എറണാകുളം.
2. എല്ലാ ജോയിന്റ് രജിസ്ട്രാർമാർ/ ജോയിന്റ് ഡയറക്ടർമാർ ജനറൽ & ആഡിറ്റ്.
3. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,കേരള സംസ്ഥാന സഹകരണബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർമാർക്കും
5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ജോയിന്റ് രജിസ്ട്രാർ/ ജോയിന്റ് ഡയറക്ടർ മുഖേന.
6. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ,പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.(ജോയിന്റ് രജിസ്ട്രാർ മുഖേന)

7. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
10. സ്റ്റോക്ക് ഫയൽ/സ്പെയർ
11. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)